LIBRARY ARCHIVES Kerala Legislative Assembly

തെയ്യം കലാകാരൻമാർക്ക് ക്ഷേമനിധി

95 (5266) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അവശതയനുഭവിക്കുന്ന തെയ്യം കലാകാരൻമാർക്കും മറ്റും ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തെയ്യം കലാകാരന്മാർ ഉൾപ്പെടെയുള്ള എല്ലാ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കുമായി ഒരു സാംസ്കാരിക ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

മലയാളം നമ്മുടെ അഭിമാനം

96 (5267) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "മലയാളം നമ്മുടെ അഭിമാനം" എന്ന മുദ്രാവാക്യവുമായി സംസ്ഥാനത്തുടനീളം പ്രയാണം നടത്തിയ സാംസ്കാരിക വകുപ്പിന്റെ സാംസ്കാരിക ജാഥ കൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടിരുന്നത് ; പ്രസ്തുത പ്രോഗ്രാം കൊണ്ട് ഉണ്ടായ നേട്ടങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര രൂപയുടെ ചെലവ് വന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളീയ സാമൂഹിക ജീവിതത്തിന്റെ നേർക്കാഴ്ചയിലേക്ക് പുരോഗമനപരമായ ആശയത്തോടെ മലയാളികളെ നയിക്കുക, അവരിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുക, വായനാശീലം വളർത്തുക എന്നിവയായിരുന്നു സാംസ്കാരിക ജാഥയുടെ ലക്ഷ്യങ്ങൾ. മലയാള ഭാഷയുടെ വികലമായ പ്രയോഗം സംബന്ധിച്ച് ബോധവൽക്കരണം നടത്താൻ കഴിഞ്ഞു. മലയാള ഭാഷ നേരിടുന്ന, നേരിടേണ്ടിവരുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നതിനും അവയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച നടത്താനും കഴിഞ്ഞു. മൺമറഞ്ഞ സാഹിത്യാചാര്യന്മാരുടെ രചനകൾ യുവതലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞു. കലാസാംസ്കാരിക രംഗത്ത് നിസ്തുല സംഭാവന നൽകിയ അസംഖ്യം വിശിഷ്ട വ്യക്തികളെ സമാദരിക്കാൻ കഴിഞ്ഞു. പുസ്തകങ്ങൾ വിറ്റഴിച്ചു. `തളിർ' മാസികയുടെ വായനക്കാരായ കുട്ടികൾക്കും കുടുംബശ്രീ ബാലസഭകൾക്കും വായനരചനാ മത്സരങ്ങൾ സംഘടിപ്പിച്ചു.

(ബി) ഇതിനായി 16,81,795 രൂപയുടെ ചെലവ് വന്നു.